# കില
## വാർത്താപത്രിക

VOLUME-10
ISSUE-2
FEBRUARY 2017

kilathrissur@gmail.com | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in



നവകേരളത്തിനു ജനകീയസൂത്രണപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂരിൽ മുഖ്യമന്ത്രി **പിണറായി വിജയൻ** നിർവഹിക്കുന്നു

## നവകേരളത്തിനു ജനകീയാസൂത്രണപരിപാടി തൃശ്ശൂരിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**ന**വകേരളത്തിനു ജനകീയസൂത്രണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.ജനകീയാസൂത്രണത്തിലൂടെ വികസനത്തിനു പുതിയ മുഖം നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ വിപുല പദ്ധതിക്കു ഇതോടെ തുടക്കമായി. നവകേരളത്തിനു ജനകീയാസൂത്രണം എന്ന പതിമൂന്നാം പദ്ധതിക്കു അടങ്കൽ തുകയായി രണ്ടുലക്ഷം കോടി രൂപ അനുവദിക്കും. തദ്ദേശസ്ഥാപനങ്ങൾക്കു 60,000 കോടി രൂപയും ലഭിക്കും. വാർഷികപദ്ധതി സമയബന്ധിതമായി നടപ്പാക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനും നടപടിയായി.

പുരോഗതിക്കൊപ്പം സാമൂഹ്യനീതി, സുരക്ഷ, വിനോദം, വിശ്രമം, ജീവിതനിലവാരം തുടങ്ങി വികസനത്തിന്റെയും അഭിവൃദ്ധിയുടേയും സമഗ്രതയിലേക്കു കേരളത്തെ ഉയർത്തുകയാണ് പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യം.ഉൽപ്പാദന മേഖല, നഗരാസൂത്രണം,വിവിധ തലത്തിലുള്ള പദ്ധതികളുടെ ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്കാകും പ്രാമുഖ്യം. തദ്ദേശസ്ഥാപനങ്ങൾ പദ്ധതിവിഹിതത്തിന്റെ 80 ശതമാനവും അവസാനത്തെ മൂന്നു വർഷത്തിൽ ചെലവഴിക്കുക എന്ന രീതിക്കു മാറ്റം വരുത്തും. മാർച്ച് 31 നകം പദ്ധതിരൂപീകരണം പൂർത്തിയാക്കി ഏപ്രിൽ ഒന്നു മുതൽ നിർവഹണം തുടങ്ങണം.പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതു സെപ്തംബർ വരെ നീളുന്നതു പതിവാണ്. നടപ്പു പദ്ധതി വർഷം മുതൽ ഇക്കാര്യത്തിൽ മാറ്റം വരുത്തും. പദ്ധതി തുക ചെലവാക്കുന്നതിൽ വരുത്തുന്ന അലംഭാവം അവസാനിപ്പിക്കും.2017–18 വർഷം മുതൽ അവസാന മൂന്നുമാസത്തേക്കു 30 ശതമാനം മാത്രമേ ബാക്കി വരാൻ പാടുള്ളൂ. മാർച്ചിൽ 15 ശതമാനവും. സംസ്ഥാനസർക്കാരും തദ്ദേശഭരണസ്ഥാപനങ്ങളും ഇതുപോലെയായിരിക്കണം പദ്ധതിവിഹതം ചെലവഴിക്കേണ്ടത്.പദ്ധതി വിഹതം പൂർണമായും ചെലവിടാൻ സഹായകരമാകുന്ന വിധത്തിൽ പദ്ധതി നടപടിക്രമങ്ങളും ലളിതമക്കും. താഴെ തട്ടിൽനിന്നു തുടങ്ങുന്ന ജനകീയ സംവാദത്തിലൂടെ പുതിയ വികസന സംസ്കാരത്തിനാണ് സർക്കാർ തുടക്കമിടുന്നതെന്നു ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ഉദ്ഘാടനച്ചടങ്ങിൽ മന്ത്രിമാരായ ഡോ.തോമസ് ഐസക്, ഇ.ചന്ദ്രശേഖരൻ, ഡോ.കെ.ടി.ജലീൽ, പ്രൊഫ.എം.രവീന്ദ്രനാഥ്., എ.സി.മൊയ്തീൻ, വി.എസ്.സുനിൽകുമാർ,എം.പി.മാർ, എം.എൽ.മാർ,ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീലാവിജയകുമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.



നവകേരളത്തിനുള്ള ജനകീയാസൂത്രണത്തിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച
മാസ്റ്റർ ട്രെയിനർമാർക്കുള്ള ദ്വിദിന സംസ്ഥാനതല ശിൽപ്പശാല

# നവകേരളത്തിനു ജനകീയാസൂത്രണം: മാസ്റ്റർ ട്രെയിനർമാർക്കു ദ്വിദിന ശിൽപ്പശാല

**ന**വകേരളത്തിനുള്ള ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മാസ്റ്റർ ട്രെയിനർമാർക്കുള്ള ദ്വിദിന സംസ്ഥാനതല ശിൽപ്പശാല കിലയിൽ സമാപിച്ചു. ജനകീയാസൂത്രണത്തിന്റെ നയസമീപനം, ആസൂത്രണസമിതികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും ഘടന, ചുമതല, വികസനരേഖ തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ശിൽപ്പശാല ചർച്ച ചെയ്തു. സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ, ടി.ഗംഗാധരൻ, പ്രൊഫ.പി.കെ.രവീന്ദ്രൻ, ഡോ.ജെ.ബി.രാജൻ, ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ് എന്നിവർ നേതൃത്വം നൽകി. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി അഡ്വ.പി.വിശ്വംഭരപണിക്കർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സത്യപാൽ, മുനിസിപ്പൽ ചേംബർ പ്രസിഡന്റ് വി.വി.രമേശൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, ഫാക്കൽററികൾ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.എസ്.ആർ.ജി.കൺവീനർ ബി.എസ്.ബിജു, അംഗങ്ങളായ ജമാൽ,ജി.കെ.സദനരാജ്, പപ്പൻ കുട്ടമ്മത്ത്, ഇ.പി.രത്നാകരൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

# നവകേരളത്തിനു ജനകീയാസൂത്രണം: തദ്ദേശസ്ഥാപനങ്ങളിൽ ഇനി ആസൂത്രണസമിതികളും

**ന**വകേരളത്തിനായുള്ള ജനകീയാസൂത്രണ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സഹായിക്കാൻ ഇനി ആസൂത്രണസമിതികളുണ്ടാകും. അതതു തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽപെട്ട സാങ്കേതിക വിദഗ്ദ്ധരും സന്നദ്ധപ്രവർത്തകരും അടങ്ങുന്നതാണ് സമിതി. ആസൂത്രണത്തിനും പദ്ധതിനിർവഹണത്തിനും വേണ്ട പഠനം, വിവരശേഖരണം തുടങ്ങിയ മേഖലകളിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കലാണ് സമിതിയുടെ ചുമതല.

ജനകീയാസൂത്രണത്തിൽ പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സോഷ്യൽ മീഡിയ സജീവമായി ഉപയോിക്കാനും പദ്ധതി തയ്യാറായിട്ടുണ്ട്. ഇതോടെ രണ്ടാംഘട്ട ജനകീയാസൂത്രണം ഹൈടെക്ക് മികവുള്ളതാകും. വിവിധ തലങ്ങളിൽ പെട്ട പത്തുമുതൽ പതിനഞ്ചുവരെ അംഗങ്ങളാണ് ആസൂത്രണസമിതിയിലുണ്ടാകുക. ഓരോ തദ്ദേശസ്ഥാപനങ്ങളാകും അംഗങ്ങളെ തെരഞ്ഞെടുക്കുക. ഭരണസമിതികൾക്കു ഏതാവശ്യത്തിനും ഈ വിദഗ്ദ്ധസമിതിയുടെ സഹായം തേടാം. പ്രതിഫലമില്ലാതെയാണ് ഇവരുടെ പ്രവർത്തനം.

പുതിയ പദ്ധതികൾ നിർദ്ദേശിക്കാനും വിശദാംശങ്ങൾ തയ്യാറാക്കാനും അഭിപ്രായശേഖരണത്തിനുമാകും സോഷ്യൽ മീഡിയായെ ഉപയോഗപ്പെടുത്തുക ഇതിനായി അതതിടങ്ങളിലുള്ളവരുടെ ഫേയ്സ്ബുക്ക്, വാട്സാപ്പ്ഗ്രൂപ്പ് തുടങ്ങും.ഇതുവഴി വിദേശങ്ങളിലുള്ളവർക്കും സ്വന്തം നാട്ടിലെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കഴിയും ഇത്തരം നിർദ്ദേശങ്ങൾ കൂടി ഗ്രാമസഭകളിൽ സമർപ്പിക്കും.പദ്ധതിനിർവഹണത്തിനു ശേഷം സോഷ്യൽ ഓഡിറ്റിങ്ങിനു സോഷ്യൽ മീഡിയായുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

ജനകീയാസൂത്രണത്തിനു പുതുജീവൻ നൽകാൻ വിവിധ പദ്ധതികളാണ് തദ്ദേശഭരണവകുപ്പു തയ്യാറാക്കിയിട്ടുള്ളത്. ആസൂത്രണത്തിലും പദ്ധതിനിർവഹണത്തിലും ജനകീയ പങ്കാളിത്തം കൊണ്ടുവരികയാണ് ഇതിൽ പ്രധാനം. പന്ത്രണ്ടാം പദ്ധതിയിൽ ജനപങ്കാളിത്തം കുറവായിരുന്നു. പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ വേണ്ടവിധത്തിൽ പ്രവർത്തിച്ചില്ല. എന്നാൽ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ വിഭാഗത്തിനും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കും. ഇതിനെ സജീവമാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സജീവമായ ഇടപെടൽ ഉറപ്പുവരുത്തും. ഈ ലക്ഷ്യത്തോടെയാണ് ജനകീയാസൂത്രണത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.



നവകേരളത്തിനു ജനകീയസൂത്രണപരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനം
വ്യവസായവകുപ്പുമന്ത്രി **എ.സി.മൊയ്തീൻ** ഉദ്ഘാടനം ചെയ്യുന്നു



പ്രദർശനനഗറിലെ കില സ്റ്റാൾ മന്ത്രി എ.സി.മൊയ്തീൻ സന്ദർശിച്ചപ്പോൾ



കേന്ദ്രഭരണപ്രദേശമായ ഡാമനിൽ ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരുമായി വിദഗ്ദ്ധസമിതി അംഗങ്ങൾ ചർച്ച നടത്തുന്നു

# കേരളമാതൃക ഇനി കേന്ദ്രഭരണപ്രദേശങ്ങളിലേക്കും

**കേരള** മാതൃകയിലുള്ള അധികാരവികേന്ദ്രീകരണം രാജ്യത്തെ കേന്ദ്രഭരണ പ്രദേശങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു തുടക്കമായി. ഇതിനുവേണ്ടി കേന്ദ്രപഞ്ചായാത്ത് രാജ് മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധസമിതി അംഗങ്ങൾ വിവിധ കേന്ദ്രഭരണപ്രദേശങ്ങൾ സന്ദർശിച്ച് ജനപ്രതിനിധികളും മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ലക്ഷദ്വീപ്,ഡാമൻ, ഡ്യു നഗർ ഹവേലി,ചണ്ഡീഗഢ്, പോണ്ടിച്ചേരി, ആന്തമാൻ നിക്കോബർ ദ്വീപുകൾ എന്നിവിടങ്ങളിലാണ് വിദഗ്ദ്ധസമതി സന്ദർശിച്ചത്.

ഇതുസംബന്ധിച്ച രൂപരേഖ അടുത്തുതന്നെ കേന്ദ്ര സർക്കാരിനു സമർപ്പിക്കുമെന്നു സമിതി അംഗമായ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു. മുൻ കേന്ദ്ര ഗ്രാമവികസന സെക്രട്ടറി മീനാക്ഷിസുന്ദരം, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ജോ.സെക്രട്ടറി ഡോ.ഡി. എസ് ശർമ്മ, ഹൈദരാബാദിലെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ഡയറക്ടർ പ്രൊഫ.ജയലക്ഷ്മി എന്നിവരാണ് സമിതിയിലെ മറ്റംഗങ്ങൾ. ഇതുമായി ബന്ധപ്പെട്ട പരിശീലനത്തിന്റെ ചുമതല കിലയ്ക്കായിരിക്കും.




നവകേരളത്തിനുള്ള ജനകീയാസൂത്രണത്തിനു ഉദ്യോഗസ്ഥന്മാരെ സുസജ്ജരാക്കുന്നതിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ദ്വിദിന സംസ്ഥാനതല പരിശീലനപരിപാടി തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി **ടി.കെ ജോസ്** ഉദ്ഘാടനം ചെയ്യുന്നു

# വർഷം മുഴുവൻ വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കണം: തദ്ദേശവകുപ്പു സെക്രട്ടറി

**വ**ർഷത്തിൽ 52 ആഴ്ചയും വിഷരഹിത പച്ചക്കറികളും പഴങ്ങളും ഉത്പ്പാദിപ്പിക്കാൻ പതിമൂന്നാംപദ്ധതികാലത്ത് കഴിയണമെന്നു തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ ജോസ് നിർദ്ദേശിച്ചു. നവകേരളത്തിനായുള്ള ജനകീയാസൂത്രണത്തിനു ഉദ്യോഗസ്ഥന്മാരെ സുസജ്ജരാക്കുന്നതിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ദ്വിദിന സംസ്ഥാനതല പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇപ്പോൾ ഓണത്തിനും വിഷുവിനുമാണ് സർക്കാരും കൃഷിവകുപ്പും പച്ചക്കറി ഉദ്പ്പാദിപ്പിക്കുന്നത്. അതുപോരാ. ഉദ്പ്പാദകരുടേയും ഉഭഭോക്താക്കളുടെയും കൂട്ടായ്മയുണ്ടെങ്കിൽ വിപണനം ഒരു പ്രശ്നമാകില്ല. വിപണനമെന്നാൽ വാഹനവും കെട്ടിടവുമാണെന്ന നമ്മുടെ സങ്കൽപ്പം തന്നെ മാറണം. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളേയും ഗവേഷണസ്ഥാപനങ്ങളേയും രണ്ടാം ജനകീയാസൂത്രണത്തിൽ പങ്കാളികളാക്കും. ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ്, വികസനരേഖ എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. അതുപോലെതന്നെ ഉദ്യോഗസ്ഥർക്കും ഇക്കുറി മുഖ്യ പങ്കുവഹിക്കാനുണ്ടാകും. സർക്കാർ ഉത്തരവുകളും സർക്കുലറുകളും മാർഗ്ഗദർശികളും വഴികാട്ടികളുമാത്രമാണെന്ന കാര്യം വിസ്മരിക്കരുതെന്നും അദ്ദേഹം പറഞ്ഞു.

പതിമൂന്നാംപദ്ധതിയിൽ നവകേരളമിഷനായിരിക്കും മുന്തിയ പരിഗണനയെന്നു മുഖ്യപ്രഭാഷണം നടത്തിയ തദ്ദേശസ്വയംഭരണവകുപ്പുസെക്രട്ടറി ഡോ.വി.കെ.ബേബി പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, എസ്.ആർ.ജി.മെമ്പർ ജി.കെ.സദനരാജൻ, ഡോ.സണ്ണി ജോർജ് എന്നിവർ സംസാരിച്ചു. അധികാരവികേന്ദ്രീകരണം-ഇന്ത്യയിലും കേരളത്തിലും,ജനകീയാസൂത്രണത്തിന്റെ നയസമീപനം, പങ്കാളിത്ത ആസൂത്രണപ്രക്രിയ, മാതൃകാപദ്ധതികൾ, ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. സി.രാധാകൃഷ്ണ്‍,എസ്.ജമാൽ, ടി.രാധാകൃഷ്ണൻ, ഡോ. പീറ്റർ എം.രാജ് എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്, കോട്ടയം ജില്ലകളിലെ പെർഫോർമൻസ് ഓഡിറ്റ്, നഗര-ഗ്രാമ ആസൂത്രണം, ജില്ലാ പ്ലാനിംഗ്, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റസ്റ്റിക്സ് വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

### സർക്കാർ ഉത്തരവുകൾ

## ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കരുത്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള യാതൊരു സർക്കാർ, എയ്ഡഡ്, നോൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. ഫിറ്റനസ് സർട്ടിഫിക്കറ്റ് വാങ്ങിയാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്നു തദ്ദേശസ്ഥാപനത്തിന്റ ഓഫീസ് മേധാവി ഉറപ്പാക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് 30.12.2016 ലെ 792455/ഇ ഡബ്ല്യു 3/2016 തസ്വഭവ നമ്പർ സർക്കുലർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

# തിരുവനന്തപുരം കോർപ്പറേഷനിലെ ജനപ്രതിനിധികൾക്കുപരിശീലനം

**ന**ഗരഭരണത്തെക്കുറിച്ച് തിരുവനന്തപുരം കോർപ്പറേഷനിലെ ജനപ്രതിനിധികൾക്കുള്ള രണ്ടുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു.

പതിമൂന്നാം പദ്ധതിയെക്കുറിച്ച് പ്രൊഫ.പി.കെ രവീന്ദ്രൻ ആമുഖപ്രഭാഷണം നടത്തി.മേയർ അഡ്വ.പ്രകാശ്, ഡെപ്യൂട്ടി മേയർ അഡ്വ.രാഗി, കോഴ്സ് ഡയറക്ടർ ഡോ. സണ്ണി ജോർജ്, കോർഡിനേറ്റർ കെ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. നഗരഭരണവും ജനപ്രതിനിധികളും, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം, കൗൺസിൽ-സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളുടെ നടപിടക്രമങ്ങൾ, പദ്ധതി ആസൂത്രണ പരിപാടികൾ, വിഭവ സ്രോതസ്സുകൾ, വിഭവസമാഹരണം, പദ്ധതി നിർവഹണം,സോഷ്യൽ ഓഡിറ്റ്, മോണിറ്ററിംഗ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

കെ.വി.അനിൽകുമാർ,ജി.കെ.സദനരാജൻ, പി.രാധാകൃഷ്ണൻ, എം.രേണുകുമാർ, ബിനു ഫ്രാൻസിസ്, റിബി റേച്ചൽ മാത്യു, ബിനു കെ.യു എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. 76 കൗൺസിലർമാർ പരിശീലനത്തിൽ പങ്കെടുത്തു.



# ഇനി പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലേക്ക്

**കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലേക്കു പ്രവേശിക്കുകയാണ്. സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ള നവകേരള ദൗത്യവും ജനകീയാസൂത്രണത്തിന്റെ നവീന ആശയങ്ങളും ഉൾക്കൊണ്ടുള്ള പുതിയൊരു വാതായനമാണ് പതിമൂന്നാം പദ്ധതിയിലേക്കു തുറക്കുന്നത്.**

**കേരളത്തിലെ** തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലേക്കു പ്രവേശിക്കുകയാണ്. സംസ്ഥാനസർക്കാർ രൂപംനൽകിയിട്ടുള്ള നവകേരളദൗത്യവും ജനകീയാസൂത്രണത്തിന്റെ നവീന ആശയങ്ങളും ഉൾക്കൊണ്ടുള്ള പുതിയൊരു വാതായനമാണ് പതിമൂന്നാം പദ്ധതിയിലേക്കു തുറക്കുന്നത്.സാമ്പത്തികവർഷം പകുതിയായാലും പ്രാദേശിക പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പാക്കാത്ത അവസ്ഥയിൽനിന്നുമാറി സാമ്പത്തികവർഷം മുതൽ പദ്ധതിപ്രവർത്തനം തുടങ്ങുന്നതിനുള്ള സമീപനമായിരിക്കണം ഈ പഞ്ചവത്സരപദ്ധതിയിൽ അനുവർത്തിക്കേണ്ടത്. ആസൂത്രണമെന്നതു തുടർപ്രക്രിയയാതിനാൽ നാടിന്റെ വികസനത്തിനു എല്ലാ പൗരന്മാരും സംഘടനകളും സർക്കാർ ഏജൻസികളും കൈകോർത്ത് പങ്കാളിത്തരൂപത്തിലേക്കു മുന്നേറുകയാണു വേണ്ടത്. അതിനു പൊതുകാര്യങ്ങളിൽ താൽപര്യമെടുക്കുകയും ചിന്തിക്കുകയും സംവാദങ്ങളിൽ ഏർപ്പെടുകയും പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തി നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പൗരസമൂഹത്തെ വാർ ത്തെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പതിമൂന്നാം പദ്ധതിയിൽ ഇത്തരം സമ്പ്രദായം വാർത്തെടുക്കുന്നതിനു ഗ്രാമ-ബ്ലോക്ക്-ജില്ലാതലങ്ങളിൽ ആസൂത്രണസമിതികൾ രൂപീകരിക്കണമെന്നതാണു നിർദ്ദേശം. തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതികളുടെ ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളുടെ ഏകോപനം, സഹായം എന്നിവ ഈ ആസൂത്രണസമിതിയുടെ ചുമതലയിലായിരിക്കണം. അതുകൊണ്ടുതന്നെ ആസൂത്രണസമിതിയിൽ അംഗങ്ങളാകുന്ന ജനപ്രതിനിധികളും വിദഗ്ദ്ധസമിതി അംഗങ്ങളും ഇപ്രകാരം ചുമതലാബോധമുള്ളവരും പങ്കാളിത്തം ഉറപ്പുവരുത്തുന്നവരുമായിരിക്കണം.

## തദ്ദേശസ്ഥാപനങ്ങളിലെ ആസൂത്രണസമിതിയുടെ ഘടന

തദ്ദേശസ്ഥാപനങ്ങളിലെ പ്രസിഡന്റുമാരായിരിക്കും ആസൂത്രണസമിതിയുടെ അദ്ധ്യക്ഷൻ.ആസൂത്രണപ്രക്രിയയിൽ തദ്ദേശസ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധനായിരിക്കണം ഉപാദ്ധ്യക്ഷൻ. കൺവീനർസ്ഥാനം സെക്രട്ടറിക്കായിരിക്കും.സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരും സന്നദ്ധസേവകരായ വിദഗ്ദ്ധരുമായിരിക്കും അംഗങ്ങൾ. ആസൂത്രണസമിതിയിൽ പന്ത്രണ്ട് അംഗങ്ങളാകാം. ആവശ്യമെങ്കിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുകയും ചെയ്യാം.പ്രാദേശികവികസനം സംബന്ധിച്ച് ദീർഘകാല വികസനനയം രൂപീകരിക്കുക, വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുക, വിഭവസമാഹരണത്തിനുള്ള സാദ്ധ്യതകൾ കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക,ആവശ്യമായ പഠനങ്ങൾ നടത്തുക, ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളുമായി ചർച്ച ചെയ്യുക, പ്രാദേശിക ആസൂത്രണത്തിൽ സഹായിക്കുന്നതിനു വിദഗ്ദ്ധർ സന്നദ്ധപ്രവർത്തകർ എന്നിവരെ കണ്ടെത്തുക തുടങ്ങിയ നിർണ്ണായ ചുമതലകൾ ആസൂത്രണസമിതിക്കുണ്ട്.

## വർക്കിംഗ് ഗ്രൂപ്പു രൂപീകരണം

അത്യാവശ്യം വേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ തദ്ദേശസ്ഥാപനങ്ങൾ ഉടൻ രൂപീകരിക്കേണ്ടതാണ്.വിഷയമേഖലകളെ തിരിച്ച് പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകളെങ്കിലും രൂപീകരിക്കേണ്ടതാണ്.ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കേണ്ടത്. സമയബന്ധിതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണോ അല്ലെങ്കിൽ ആ കമ്മിറ്റിയിലെ ഒരു വിദഗ്ദ്ധനോ ആ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സണായി ഭരണസമിതി തീരുമാനിക്കണം. ബന്ധപ്പെട്ട വിഷയമേഖലയിലെ ഒരു വിദഗ്ദ്ധൻ വർക്കിംഗ് ഗ്രൂപ്പിന്റെ ഉപാദ്ധ്യക്ഷനായിരിക്കണം. തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ളതും ബന്ധപ്പെട്ട മേഖലയിലുള്ളതുമായ ഒരു ഉദ്യോഗസ്ഥനായിരിക്കും വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ. മറ്റൊരു ഉദ്യോഗസ്ഥനെക്കൂടി വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കണം. ഓരോ വർക്കിംഗ് ഗ്രൂപ്പിലും പത്തുമുതൽ പതിനഞ്ചുവരെ അംഗങ്ങളാകാം. അതതു വികസനമേഖലയിൽ താൽപര്യമുള്ളവരും വിദഗ്ദ്ധരും പഞ്ചായത്തിലെ വികസനത്തിൽ സഹായിക്കാൻ കഴിവുള്ളവരുമായിരിക്കണം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാകേണ്ടത്. വർക്കിംഗ് ഗ്രൂപ്പിനു കീഴിൽ ഉപസമിതികളും രൂപീകരിക്കാവുന്നതാണ്. വനിതാവികസനം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ യഥാക്രമം വനിത, പട്ടികജാതി, പട്ടികവർഗ്ഗ ജനപ്രതിനിധികളായിരിക്കണം. പട്ടികവർഗ്ഗവികസന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ട തദ്ദേശസ്ഥാപനത്തിൽ പട്ടികവർഗ്ഗ ജനപ്രതിനിധികളില്ലെങ്കിൽ തദ്ദേശസ്ഥാപനത്തിന്റെ പ്രസിഡന്റാണ് പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സണാകേണ്ടത്.

## വികസനരേഖ തയ്യാറാക്കൽ

2017-18 ലേക്കു വാർഷികപദ്ധതി തയ്യാറാക്കി ഈ വർഷം മാർച്ച് 31 നു മുമ്പ് അംഗീകരാം വാങ്ങേണ്ടതിനാൽ ഉടനെ തന്നെ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കേണ്ടതാണ്.പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വികസനരേഖ തയ്യാറാക്കൽ.ഒമ്പതാം പഞ്ചവത്സരപദ്ധതിയിലെ വികസനറിപ്പോർട്ട് അടിസ്ഥാനരേഖയാക്കിയാണ് വികസനറിപ്പോർട്ട് തയ്യാറാക്കേണ്ടത്. അതിനായി ഓരോ വർക്കിംഗ് ഗ്രൂപ്പും അതതു വിഷയമേഖലയിലെ അവസ്ഥാവിശകലന രേഖ (സ്റ്റാറ്റസ് റപ്പോർട്ട്)യും സ്ഥിതിവിവരകണക്കുകളും, ഇതുവരെ നടപ്പിലാക്കിയ പദ്ധതികളും സംബന്ധിച്ച നിഗമനങ്ങൾ തയ്യാറാക്കണം. ഇക്കാര്യങ്ങളെല്ലാം വിശദമായി പ്രതിപാദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്.സ.ഉ.(എം.എസ്)10/2017/തസ്വഭവ. തീയതി 9.1.2017 നമ്പറായി ത്രിതല പഞ്ചായത്തുകൾക്കുവേണ്ടിയും സ.ഉ.(എം.എസ്)11/2017 തസ്വഭവ. തീയതി 9.1.2017 നമ്പറായി നഗരസഭകൾക്കുവേണ്ടിയും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി ആസൂത്രണസമിതികളും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം എല്ലാ തദ്ദേശസ്ഥാപനങ്ങളും തുടങ്ങേണ്ടതാണ്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സമ്പൂർണ്ണ വിജയത്തിനായിരിക്കണം ഇനിയുള്ള പ്രവർത്തനങ്ങൾ.

വി.ജി.ശശിധരൻ

## ചോദ്യങ്ങൾക്കു മറുപടി

? ക്ഷീരകർഷകർക്കു പാലിനു എത്ര തുക സബ്സിഡിയായി നൽകാം?

● ക്ഷീരകർഷകർക്കു ഒരു ലിറ്റർ പാലിനു നാലു രൂപ വരെ സബ്സിഡി നൽകാം. ക്ഷീരവികസനവകുപ്പു ഒരു രൂപയാണ് സബ്സിഡി നൽകുന്നത്. ക്ഷീരവികസനവകുപ്പും തദ്ദേശസ്ഥാപനങ്ങളും ചേർന്ന് നൽകുന്ന തുക ഒരു ലിറ്ററിനു നാലു രൂപയിൽ കവിയാൻ പാടില്ല.മാത്രമല്ല സഹകരണസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകനു ഒരു വർഷം 20,000 (ഇരുപതിനായിരം) രൂപയും ഇൻഷുർ ചെയ്തു മറ്റു കർഷകർക്കു(ക്ഷീരസംഘത്തിൽ പാൽ അളക്കാത്ത കർഷകൻ വെറ്റിനറി സർജന്റ് സാക്ഷ്യപത്ര പ്രകാരം സബ്സിഡി നൽകുകയാണെങ്കിൽ) ഒരു വർഷം 10,000-രൂപ വരേയും സബ്സിഡി നൽകാവുന്നതാണ്.(ഉത്തരവ് നമ്പർ 50/2017 തസ്വഭവ. തീയതി.7.1..2017)

? പച്ചക്കറി നട്ടുവളർത്താൻ ഗ്രോബാഗിനു സബ്സിഡി എത്രയാണ്?

● ഗ്രോബാഗ് മാത്രമാണെങ്കിൽ മാർഗ്ഗരേഖ പ്രകാരം 20 രൂപയാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ ഗ്രോബാഗ്, വിത്ത്, മിക്സ്ചർ എന്നിവ അടക്കം നൽകുന്നതിനു പരമാവധി 60 രൂപ വരെ (75 ശതമാനം) സബ്സിഡി നൽകാം.(സ.ഉ.(സാധാ)50/2017.തസ്വഭവ.തീയതി.7.0.2017)

? വളർത്തുമൃഗങ്ങൾക്കു വിരമരുന്ന് സൗജന്യമായി നൽകാൻ പാടില്ല എന്നു പറയുന്നതു ശരിയാണോ?

● വളർത്തുമൃഗങ്ങൾക്കു സൗജന്യമായി വിരമരുന്നു നൽകാവുന്നതാണ്.(ഉത്തരവ് (സാധ) 3495/2016 തസ്വഭവ.തീയതി. 22.12.2016

? പുതിയ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം നിരതദ്രവ്യം ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ എത്ര ശതമാനം?

● പുതിയ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം വാങ്ങലുകൾക്കു 50,000/- രൂപയിൽ കൂടുതലാണെങ്കിൽ ഒരു ശതമാനം നിരക്കിൽ നിരതദ്രവ്യം ആവശ്യമാണ്.

? വീടുകളുടെ അറ്റകുറ്റപ്പണികൾക്കു എത്രവർഷം കഴിഞ്ഞാൽ പഞ്ചായത്തിൽനിന്ന് ആനുകൂല്യം നൽകാം?

● സർക്കാർ ധനസഹായത്തോടെ പുതിയ വീടുകൾ പണിതു കഴിഞ്ഞാൽ എട്ടുവർഷം കഴിഞ്ഞ വീടുകൾക്കു മാനദണ്ഡങ്ങളനുസരിച്ച അറ്റകുറ്റപ്പണികൾക്കു ആനുകൂല്യം നൽകാം.((സ.ഉ.(സാധാ) 192/17 തസ്വഭവ.തീയതി.23.1.17)

? മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യം എങ്ങനെയാണ് നൽകേണ്ടത്?

● അംഗീകൃത മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും തദ്ദേശസ്ഥാപനങ്ങളിൽനിന്നു നൽകുന്ന ആനുകൂല്യങ്ങൾക്കു പട്ടികവർഗ്ഗ വിഭാഗത്തിന്റേതിനു തുല്യമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടതും ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിനു മത്സ്യബന്ധനവകുപ്പു നൽകുന്ന ലിസ്റ്റിൽനിന്നു നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നതിനു ഉത്തരവായിട്ടുണ്ട്.(സ.ഉ.(സാധാ) 134/2017 തസ്വഭവ. തീയിതി.18.1.2017)

? വിവരാവകാശനിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ പത്തുരൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചാൽ മതിയോ/ചില പഞ്ചായത്തുകൾ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷകൾ സ്വീകരിക്കുന്നില്ല. അതു ശരിയായ നടപടിയാണോ?

● പൊതുജനങ്ങളുടേയും വിവരം തേടുന്നവരുടേയും സൗകര്യം കണക്കിലെടുത്തുകൊണ്ട് വിവരാവകാശനിയമപ്രകാരമുള്ള ഫീസ് അടയ്ക്കുന്ന കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ സർക്കാർ വകുപ്പുകൾക്കു സമാനമായ പൊതു അധികാരിയായി കണക്കാക്കി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനങ്ങളെ, പൊതു അധികാരി,സർക്കാർ ഇതര വകുപ്പുകളിലെ പൊതു അധികാരി എന്നു തരം തിരിച്ചിരിക്കുന്നതു ഭരണപരമായ കാര്യത്തിനുവേണ്ടി മാത്രമാണ്.വിവരാവകാശനിയമപ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനും വിവരങ്ങൾ നൽകുന്നതിനും പൊതു അധികാരി എന്ന നിലയ്ക്കു കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ സ്വീകരിക്കാം.(സ.ഉ.(സാധാ)63/2017/തസ്വഭവ.9.1.2017)

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക.
കില ഹെൽപ്ഡെസ്ക്.
ഫോൺ നമ്പർ-0487 2204097




കിലയുടെ മാനവശേഷി വികസനകേന്ദ്രമായി മാറിയ കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്

## കൊട്ടാരക്കരയിലെ എസ്.ഐ.ആർ.ഡി ഇനി കിലയുടെ മാനവശേഷി വികസനകേന്ദ്രം

**കൊട്ടാരക്കരയിലെ** സംസ്ഥാനഗ്രാമവികസന ഇൻസ്റ്റിററ്യൂട്ട് (എസ്.ഐ.ആർ.ഡി) ഇനി കിലയുടെ ഭാഗം. കിലയുടെ മാനവശേഷി വികസനകേന്ദ്രമായിട്ടാണ് ഇനി ഇതറിയപ്പെടുക. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവു പുറത്തിറങ്ങി. എസ്.ഐ.ആർ.ഡി ഡയറക്ടറുടെ പദവി റീജിണൽ ഡയറക്ടറായി പുനർനാമകരണം ചെയ്തു. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തു നടക്കുന്ന വിവിധ പരിശീലനപരിപാടികൾ ഏകോപിപ്പിച്ച് പുതിയ കേന്ദ്രത്തിലും പരിശീലനം നടത്തുമെന്ന് കില ഡയറടർ ഡോ.പി.പി.ബാലൻ അറിയിച്ചു. കില ഡയറക്ടറും ഉദ്യോഗസ്ഥരും എസ്.ഐ.ആർ.ഡി സന്ദർശിച്ച് തുടർനടപടികളെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി. നേരത്തെ അട്ടപ്പാടി അഹാഡ്സും സർക്കാർ കിലയ്ക്കു കൈമാറിയിരുന്നു. കൊല്ലം, കൊട്ടാരക്കര, തളിപ്പറമ്പ് എന്നിവിടങ്ങളിലെ എക്സ്റ്റഷൻ ട്രെയിനിംഗ് സെന്ററുകൾ (ഇ.ടി.സി) കിലയിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.



പരിശീലകരുടെ പരിശീലനത്തിൽ പങ്കെടുത്തവർ

## ജനകീയാസൂത്രണം: പരിശീലകരുടെ പരിശീലനം തുടങ്ങി

നവകേരളത്തിനായുള്ള ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് തലത്തിൽ പരിശീലനം നൽകുന്നവർക്കുള്ള ദ്വിദിന പരിശീലനപരിപാടി കിലയിൽ ആരംഭിച്ചു. തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലിയിൽനിന്നുള്ള 250 പേരാണ് ആദ്യബാച്ച് പരിശീലനത്തിൽ പങ്കെടുത്തത്. ഇന്നു പരിശീലനം നേടുന്നവർ തദ്ദേശസ്ഥാപനങ്ങളിലെ ആസൂത്രണസമിതി അംഗങ്ങൾക്കും വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾക്കും പരിശീലനം നൽകും. കില ഡയറക്ടർ ഡോ.പി.പി.ബാലന്റെ ആമുഖപ്രഭാഷണത്തോടെയാണ് പരിശീലനപരിപാടികൾ തുടങ്ങിയത്. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ,പ്രൊഫ.എം.എൻ.സുധാകരൻ, ടി.ഗംഗാധരൻ, എസ്.ജമാൽ, കോർഡിനേറ്റർ സദനരാജൻ എന്നിവർ സംസാരിച്ചു.



തദ്ദേശസ്ഥാപനങ്ങളിലെ പരിഷ്ക്കരിച്ച പ്രൊക്യുർമെന്റ് മാന്വലിനെക്കുറിച്ചു
കിലയിൽ സംഘടിപ്പിച്ചു സംസ്ഥാനതല ഏകദിന പരിശീലനം

## തദ്ദേശസ്ഥാപനങ്ങളിലെ പരിഷ്ക്കരിച്ച പ്രൊക്യുർമെന്റ് മാന്വൽ : കിലയിൽ ഏകദിന പരിശീലനം

തദ്ദേശസ്ഥാപനങ്ങളിലെ പരിഷ്ക്കരിച്ച പ്രൊക്യുർമെന്റ് മാന്വലിനെക്കുറിച്ചുള്ള സംസ്ഥാനതല ഏകദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. എറണാകുളം,ആലപ്പുഴ ജില്ലകളിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും സെക്രട്ടറിമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. രണ്ടാംഘട്ടത്തിൽ വൈസ് പ്രസിഡന്റുമാർക്കും അസി.സെക്രട്ടറിമാർക്കും മൂന്നാംഘട്ടത്തിൽ നിർവഹണ ഉദ്യോഗസ്ഥർക്കും പ്ലാൻ ക്ലാർക്കുമാർക്കും പരിശീലനം നൽകും. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ യു.അപർണ സംസാരിച്ചു.

കിലയാണ് മാന്വൽ തയ്യാറാക്കിയത്. തദ്ദേശസ്ഥാപനങ്ങളുടെ വാങ്ങലുകൾ കൂടുതൽ സുതാര്യവും ഉത്തരവാദിത്വപൂർണമാക്കുന്നതിനു ഈ മാന്വലിലെ നടപടികളിലൂടെ സാധിക്കും. വാർഷികപ്രൊക്യുർമെന്റ് പ്ലാൻ മുൻകൂട്ടി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിലൂടെ വാങ്ങൽ പ്രക്രിയ സമയബന്ധിതമാക്കാനും കാലതാമസം ഒഴിവാക്കാനും കഴുയുമെന്നതാണ് ഈ മാന്വലിലെ നടപടിക്രമങ്ങളുടെ പ്രത്യേകത. വാർഷിക പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കാനുള്ള ചുമതല പ്രൊക്യുർമെന്റ് കമ്മിറ്റിക്കാണ്. ഇതു വാങ്ങൽ പ്രക്രിയ ജനാധിപത്യവൽക്കരിക്കാൻ സഹായിക്കും.

വാങ്ങൽ നടപടിചട്ടങ്ങൾ, വാർഷികപദ്ധതി തയ്യാറാക്കൽ, വാങ്ങൽ രീതികളും വ്യവസ്ഥകളും, വാങ്ങലിനുള്ള നിർവഹണം-കരാർ വ്യവസ്ഥകൾ, പ്രത്യേക വാങ്ങലുകൾ (വാഹനം, ഭൂമി തുടങ്ങിയവ), വാങ്ങൽ ചുമതലകളും ഉത്തരവാദിത്വങ്ങളും, സോഷ്യൽ ഓഡിറ്റ്, ഇ.ടെന്റർ (അഞ്ചു ലക്ഷം രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക്) കർമ്മപരിപാടി തയ്യാറാക്കൽ, എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. സഞ്ജയ് പ്രഭു, മുഹമ്മദ് അഷറഫ്, പ്രേമാനന്ദ്, സുധ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.






അട്ടപ്പാടിയിലെ കില കേന്ദ്രത്തിൽ മന്ത്രി ഡോ.കെ.ടി.ജലീൽ സന്ദർച്ചപ്പോൾ

## കൊച്ചി കോർപ്പറേഷനിലെ ജനപ്രതിനിധികൾക്കു കിലയിൽ പരിശീലനം

നഗരഭരണസംവിധാനത്തെക്കുറിച്ച് കൊച്ചി കോർപ്പറേഷനിലെ ജനപ്രതിനിധികൾക്കു കിലയിൽ ഏകദിന പരിശീലനം നൽകി. കോർപ്പറേഷൻ ആവശ്യപ്പെട്ടതിനനുസരിച്ചാണ് പരിശീലനം സംഘടിപ്പിച്ചത്. പരിശീലനപരിപാടി കില പ്രൊഫ.ഡോ.സണ്ണിജോർജ് ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ കെ.ഗോപാലകൃഷ്ണൻ ആമുഖ പ്രസംഗം നടത്തി.

നഗരഭരണസംവിധാനം,സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ, പ്രവർത്തനങ്ങൾ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, നവകേരളാമിഷൻ, പദ്ധതി ആസൂത്രണം, യോഗനടപടികൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. വി.ജി.ശശിധരൻ, എം.രേണുകുമാർ, ബിനു ഫ്രാൻസിസ്, കെ.വി.അനിൽകുമാർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

## ഗ്രാമപഞ്ചായത്തു ക്ലാർക്കുമാർക്കു പഞ്ചദിന പരിശീലനം തുടങ്ങി

**പ**ഞ്ചായത്തുവകുപ്പിൽ നിയമനം ലഭിച്ച ക്ലാർക്കുമാർക്കു പൊതുഭരണത്തിൽ അഞ്ചുദിവസത്തെ പരിശീലനത്തിനു കില തുടക്കം കുറിച്ചു. പരിശീലനം ലഭിക്കാത്ത 700 ൽ പരം ജീവനക്കാരുണ്ട്. പൊതുഭരണം, ഓഫീസ് മാനേജ്മെന്റ്,ധനമാനേജ്മെന്റ്,നികുതിനിർണ്ണയം, യോഗനടപടി ചട്ടങ്ങൾ,ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഉത്തരവാദിത്വങ്ങൾ, ചുമതലകൾ, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, സിവിൽ രജിസ്ട്രേഷൻ, പരാതിപരിഹാര സംവിധാനങ്ങൾ, തുടങ്ങി 28 വിഷയങ്ങളിലാണ് പരിശീലനം.

വിയ്യൂരിലുള്ള സോഷ്യോ ഇക്ണോമിക്ക് ഫൗണ്ടേഷൻ യൂണിറ്റിന്റെ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം സംഘടിപ്പിച്ചത്. പരിശീനപരിപാടി കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർമാരായ വി.ജി.ശശിധരൻ, പ്രതാപ്സിംഗ് എന്നിവർ സംസാരിച്ചു.കില എക്സ്റ്റഷൻ ഫാക്കൽറ്റികളായ സി. രാധാകൃഷ്ണൻ, വർക്കി ജോസഫ്, സജയ്പ്രഭു, രാമനാഥപിള്ള, ടി.രാധാകൃഷ്ണൻ, ബാബുരാജ്,ജസ്റ്റിൻ, ജോസഫ് ജോൺ, വിമൽകുമാർ എന്നിവർ വിവിധ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)